DESPATCHED
On 23-06-20

10/03/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.482(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.3162/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഇല്ലിക്കൽ സുബൈർ,
S/o. മൂസ ഹാജി,
തെക്കുംപുറം, തുവ്വൂർ പി.ഒ.,
മലപ്പുറം – 679 327. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ.),
   ലാന്റ് ട്രൈബ്യൂണൽ ഓഫീസ്,
   മിനി സിവിൽ സ്റ്റേഷൻ, മഞ്ചേരി,
   മലപ്പുറം.

2. അപ്പീലധികാരി &
   ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.),
   ജില്ലാ കളക്ടറേറ്റ്,
   മലപ്പുറം. } എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചക്കാലക്കുന്നൻ മായിൻകുട്ടി മകൻ അഹമ്മദ്കുട്ടി, തുവ്വൂർ എന്നയാളുടെ പേരിൽ അനുവദിച്ചിട്ടുള്ള ക്രിയസർട്ടിഫിക്കറ്റി (പട്ടയം)ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷി 13.04.15ന് കമ്മീഷന് റിപ്പോർട്ട് നൽകി. അതിൽ ഇപ്രകാരം പറയുന്നു.

"മഞ്ചേരി ലാന്റ് ട്രൈബ്യൂണലിന്റെ അധികാരപരിധി പെരിന്തൽമണ്ണ റവന്യൂ സബ് ഡിവിഷനിലെ ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ താലൂക്കുകൾ ചേർന്നതാണ്. കേരള ഭൂപരിഷ്കരണ നിയമം (ആക്ട് 1/1970) നിലവിൽ വന്നശേഷം മേൽ പറഞ്ഞ താലൂക്കുകളിൽ 27-ഓളം ലാന്റ് ട്രൈബ്യൂണലുകൾ സ്ഥാപിച്ചിരുന്നു. വിവിധ കാലയളവിൽ ഈ ട്രൈബ്യൂണലുകൾ നിറുത്തലാക്കുകയും നിർത്തൽ ചെയ്യുന്ന ലാന്റ്

ട്രൈബ്യൂണലുകളുടെ ഫയലുകളും രജിസ്റ്ററുകളും മറ്റു ട്രൈബ്യൂണലിലേക്ക് മാറ്റുകയും അവയും നിർത്തൽ ചെയ്യുമ്പോൾ അന്തിമമായി ആയവ മഞ്ചേരി ലാന്റ് ട്രൈബ്യൂണലിനോട് കൂട്ടി ചേർക്കുകയും ചെയ്തിട്ടുള്ളതാണ്. മഞ്ചേരി ലാന്റ് ട്രൈബ്യൂണലിന്റെ ഇപ്പോൾ പ്രവർത്തിക്കുന്ന ഓഫീസ് പല ഓഫീസ് കെട്ടിടങ്ങളും (വാടക കെട്ടിടങ്ങൾ) മാറി മാറി നിലവിൽ അഞ്ചാമത്തെ ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഇങ്ങനെ നിറുത്തലാക്കിയ 27 ലാന്റ് ട്രൈബ്യൂണലുകളുടെ ഏതാണ്ട് 7 ലക്ഷത്തോളം ഫയലുകളും പതിനായിരത്തോളം രജിസ്റ്ററുകളും മൂന്നു റെക്കോർഡ് റൂമുകളിലായി സൂക്ഷിച്ചുവരുന്നുണ്ട്. ഇതിൽ 30% ഫയലുകളും രജിസ്റ്ററുകളും കാലപ്പഴക്കം കൊണ്ടും പല ഘട്ടങ്ങളിലുള്ള ഓഫീസ് മാറ്റത്തിന്റെ ഭാഗമായിട്ടും നശിച്ചുപോകുകയും ചെയ്തിട്ടുള്ള വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു. നിലവിൽ കൊണ്ടോട്ടി ലാന്റ് ട്രൈബ്യൂണലിലെ ഫയലുകൾ സൂക്ഷിച്ചിരിക്കുന്ന മലപ്പുറത്തെ ബി ബ്ലോക്കിലുള്ള റെക്കോർഡ് റൂമിലാണ് ഉള്ളത്. കൊണ്ടോട്ടി ലാന്റ് ട്രൈബ്യൂണലിലെ 1984-ലെ പട്ടയ രജിസ്റ്റർ കണ്ടെത്താൻ കഴിയാതിരുന്നത് മൂലമാണ് അപ്രകാരം മറുപടി കക്ഷിക്ക് നൽകിയതെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ സർവെവാർ രജിസ്റ്റർ പരിശോധിച്ച് പകർപ്പ് അനുവദിക്കുന്നതിന് സർവെവാർ രജിസ്റ്ററുകൾ ലഭ്യമല്ലാത്തതിനാലും കാലപ്പഴക്കം കൊണ്ടും ഓഫീസ് മാറ്റത്തിന്റെ ഭാഗമായിട്ടും നശിച്ചുപോകുകയും ചെയ്തിട്ടുള്ള വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു. എ4-6613-14 നമ്പർ ഫയലിന്റെ പകർപ്പ് പരിശോധനക്കായി ഇതൊന്നിച്ച് സമർപ്പിക്കുന്നു.''

3. ഇതിനു ശേഷം കമ്മീഷൻ 02.02.19ൽ മലപ്പുറം കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസിങ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്താൻ കഴിയാതിരുന്നതുകൊണ്ടാണ് ഇവ നൽകാൻ കഴിയാതെ വന്നതെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. മലപ്പുറം ജില്ലയിൽ 1970 മുതലുള്ള 27 ലാൻഡ് ട്രിബ്യൂണലുകൾ നിർത്തലാക്കിയതാണെന്നും, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ 1975ലെ ഫയലിലുള്ളതാണെന്നും, പല ഫയലുകളും നശിച്ചുപോയ സ്ഥിതിക്ക് ഇത് കണ്ടെത്താൻ ബുദ്ധിമുട്ടാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്നാണ് കമ്മീഷൻ കരുതുന്നത്. എന്നാൽ അപ്പീൽ ഹർജിക്കാരന്റെ ആവശ്യം ന്യായവുമാ

ണെന്ന് കമ്മീഷൻ കരുതുന്നു. മാത്രവുമല്ല, 27.12.13ലെ ഒന്നാം അപ്പീലധികാരിയുടെ ഉത്തരവിൽ പറഞ്ഞിട്ടുള്ളത് 'ബന്ധപ്പെട്ട ഒ.എ്.നമ്പർ പട്ടയ ഫയൽ റെക്കോർഡ് റൂമിൽ നിന്ന് തെരഞ്ഞെടുക്കുന്നതിന് ഒരുദ്യോഗസ്ഥനെ നിയമിച്ച് പട്ടയ ഫയൽ ലഭ്യമാക്കി, ടി ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം അപേക്ഷകന് പകർപ്പുകൾ അനുവദിക്കണമെന്ന് ബന്ധപ്പെട്ട SPIOയ്ക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു' എന്നാണ്.

6. ഇതെല്ലാം പരിഗണിച്ച് SPIO ഒരിക്കൽക്കൂടി പരിശോധന നടത്തി ഫയൽ കണ്ടെത്താൻ ശ്രമിക്കണമെന്നും, ആയതിന്റെ വിവരം ഈ ഉത്തരവ് കൈപ്പറ്റി പരമാവധി ഒരു മാസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 മാർച്ച് മാസം 10-ാം തീയതി കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.